മിഷൻ 30 ഡെയ്സ് – മായി ബന്ധപ്പെട്ട് 16/03/2019 രാവിലെ 11 മണിക്ക് ബഹു: ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ മിനുട്ട്സ്

**ഹാജർ**

1. ശ്രീ. എം.പി അജിത് കുമാർ, അഡീഷണൽ ഡയറക്ടർ
2. ശ്രീമതി ജോത്സാമോൾ, ജോയിന്റ് ഡയറക്ടർ (വികസനം)
3. ശ്രീ. സജുലാൽ. ഡി, സീനിയർ സൂപ്രണ്ട്, ഇ സെക്ഷൻ
4. ശ്രീ. പ്രഫുല്ലചന്ദ്രൻ. എസ്, സീനിയർ സൂപ്രണ്ട്, വിജിലൻസ് സെക്ഷൻ
5. ശ്രീ. അരവിന്ദാക്ഷൻ. എസ്, സീനിയർ സൂപ്രണ്ട്, ഡി.ബി.റ്റി സെക്ഷൻ
6. ശ്രീ. അനിൽ കുമാർ. വി, സീനിയർ സൂപ്രണ്ട്, ജെ സെക്ഷൻ
7. ശ്രീ. സതീഷ് കുമാർ. ജി.കെ, സീനിയർ സൂപ്രണ്ട്, പി.എഫ് സെക്ഷൻ
8. ശ്രീ ഷാജഹാൻ. എ, സീനിയർ സൂപ്രണ്ട്, സി സെക്ഷൻ
9. ശ്രീ. ക്രിസ്റ്റി ജോണി, ജൂനിയർ സൂപ്രണ്ട്, എഫ് സെക്ഷൻ
10. ശ്രീ. ഷിബു കുമാർ, ജൂനിയർ സൂപ്രണ്ട്, ജി സെക്ഷൻ
11. ശ്രീ. സന്തോഷ് കുമാർ. കെ, ജൂനിയർ സൂപ്രണ്ട്, ബി സെക്ഷൻ
12. ശ്രീ. ആർ. അനിൽ കുമാർ, ജൂനിയർ സൂപ്രണ്ട്, ഇ സെക്ഷൻ
13. ശ്രീ. സതീഷ് കുമാർ. എസ്, ജൂനിയർ സൂപ്രണ്ട്, പെൻഷൻ സെക്ഷൻ
14. ശ്രീ. ജെയിൻ. പി.ആർ, ജൂനിയർ സൂപ്രണ്ട്, ജെ സെക്ഷൻ
15. ശ്രീമതി. വി. ബിന്ദു, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
16. ശ്രീമതി സുദേവി എ.എസ്, ജൂനിയർ സൂപ്രണ്ട്, പി.എഫ് സെക്ഷൻ
17. ശ്രീ ബിനിൽ. എസ്, ജൂനിയർ സൂപ്രണ്ട്, പി.എഫ് സെക്ഷൻ
18. ശ്രീ. എം. അജയകുമാർ, ജൂനിയർ സൂപ്രണ്ട്, വിജിലൻസ് സെക്ഷൻ
19. ശ്രീ. രാഹുൽ. ആർ, സീനിയർ ക്ലാർക്ക്, വിജിലൻസ് സെക്ഷൻ

യോഗത്തിൽ കഴിഞ്ഞ അവലോകനയോഗത്തിന്റെ മിനുട്ട്സ് അംഗീകരിച്ചു. ആമുഖമായി ബഹു: ഡയറക്ടർ സംസാരിച്ചു. മിഷൻ 30 ഡെയ്സ് പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം വിലയിരുത്തി. തുടർന്ന് നോഡൽ ഓഫീസർ കണക്കുകൾ അവതരിപ്പിക്കുകയും യോഗം ചുവടേ ചേർത്ത പ്രകാരം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. അക്കൗണ്ട്സ് സെക്ഷനിൽ തീർപ്പാക്കാൻ അവശേഷിക്കുന്നതിൽ അധികവും HBA യുമായി ബന്ധപ്പെട്ട ഫയലുകളാണ് എന്ന് വിലയിരുത്തിയിരുന്നു. ഇത്തരം ഫയലുകൾ നടപടി പൂർത്തികരിച്ചതിന് ശേഷമേ തീർപ്പാക്കാൻ കഴിയുകയുള്ളു. ആയത് വളരെ കാലമെടുക്കും. ആയതിനാൽ ഇത്തരം ഫയലുകളുടെ കണക്കെടുത്ത് ആയത് ഒഴിവാക്കി മേൽ പ്രൊഫോർമ കാലികമാക്കണം. (നടപടി – ജൂനിയർ സൂപ്രണ്ട്, എ സെക്ഷൻ)

2. ബി സെക്ഷനിലെ വളരെകാലം പഴക്കമുള്ള ഫയലുകൾ തീർപ്പാക്കാനാകില്ലായെന്നും ആയത് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ സർക്കുലറുകളും മറ്റ് കാര്യങ്ങളും ചെയ്തുവരുന്നവയാണെന്നും സെക്ഷൻ സൂപ്രണ്ട് അറിയിച്ചിരുന്നു. ടി ഫയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് തീർപ്പാക്കാൻ കഴിയുന്നവ പരമാവധി തീർപ്പാക്കാൻ സെക്ഷന് ബഹു: ഡയറക്ടർ നിർദ്ദേശം നൽകി (നടപടി – സൂപ്രണ്ട്, ബി സെക്ഷൻ)

3. സി സെക്ഷനിലെ പല ഫയലുകളും നിരവധി കത്ത് നൽകിയിട്ടും ഡിഡിപികളിൽ നിന്നും മറുപടി ലഭിക്കുന്നില്ലായെന്നും ആയത് കാരണം പല ഫയലുകളും തീർപ്പാക്കാൻ കഴിയുന്നില്ലായെന്നും സെക്ഷൻ സൂപ്രണ്ട് അറിയിച്ചു. ടി ഫയലുകളുടെ പട്ടിക തയ്യാറാക്കി ഡിഡിപിമാർക്ക് അടിയന്തിരമായി അയച്ചു നൽകുന്നതിനും അടുത്ത പ്രതിമാസ യോഗത്തിൽ അജണ്ട ചേർക്കുന്നതിനും ടി യോഗത്തിൽ വച്ച് ടി ഫയലുകൾ പരിശോധിക്കാവുന്നതാണെന്നും തീരുമാനിച്ചു. (നടപടി – സൂപ്രണ്ട്, ബി/ ജെ സെക്ഷൻ)

4. പഴയ ഫയലുകൾ പൊതുജനങ്ങൾ കാണുന്ന തരത്തിൽ ഭംഗിയില്ലാത്ത രീതിയിൽ അടുക്കി വച്ചിരിക്കുന്നത് ISO യിലേക്ക് പോകുന്ന അവസരത്തിൽ ശരിയായി കാണുന്നില്ല. എല്ലാ ഫയലുകളും സീനിയോരിറ്റി നോക്കാതെ അടിയന്തിരമായി e-office സിലേക്ക് മൈഗ്രേറ്റ് ചെയ്യേണ്ടതാണ്. ആയതിന്റെ പുരോഗതി അടുത്ത യോഗത്തിൽ സിസ്റ്റം മാനേജർ അവതരിപ്പിക്കേണ്ടതാണ്. (നടപടി – എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും സിസ്റ്റം മാനേജർക്കും)

5. ഡിഡിപി തലത്തിൽ നടപ്പിലാക്കുന്ന മിഷൻ 30 ഡെയ്സിന്റെ പുരോഗതി റിപ്പോർട്ട് അടുത്ത യോഗത്തിൽ അവതരിപ്പിക്കണം (ജൂനിയർ സൂപ്രണ്ട്, വിജിലൻസ് സെക്ഷൻ)

6. മിഷൻ 30 ഡെയ്സിന്റെ ആദ്യ ഘട്ടത്തിൽ തീർപ്പാക്കിയ ഫയലുകൾ കുറവ് ചെയ്ത് ബാക്കിയുള്ള ഫയലുകളുടെ കണക്കാണ് ഈ ഘട്ടത്തിൽ പരിഗണിക്കുന്നത്. എന്നാൽ പല സെക്ഷനുകളിൽ നിന്നും ആയതിൽ കൂടുതൽ ഫയലുകൾ ഉള്ളതായി കണക്കുകൾ Online Google Sheet ൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ചില സെക്ഷനുകൾ നിലവിലുള്ള എല്ലാ ഫയലുകളുടെയും വിവരം രേഖപ്പെടുത്തിയതിനാലാണ് കണക്കുകളിലെ വ്യത്യാസം എന്ന് യോഗം വിലയിരുത്തി. ആയത് മാറ്റുന്നതിനും ഈ മിഷനിൽ 31/12/2018 വരെയുള്ള ഫയലുകൾ മാത്രം പരിഗണിച്ചാൽ മതിയെന്നും തീരുമാനിച്ചു. മൈഗ്രേറ്റ് ചെയ്ത ഫയലുകളുടെ കണക്ക് കൂടി ഉൾപ്പെടുത്താവുന്നതാണ്. നടപടി – എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും )

7. കണക്കുകൾ പരിശോധിച്ച് കൃത്യമാക്കിയതിന് ശേഷം വകുപ്പ് വെബ് സൈറ്റിൽ upload ചെയ്താൽ മതി എന്ന് തീരുമാനിച്ചു. (ജൂനിയർ സൂപ്രണ്ട്, വിജിലൻസ് സെക്ഷൻ)

ഡോ. ബി.എസ്. തിരുമേനി IAS
പഞ്ചായത്ത് ഡയറക്ടർ